## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2997** **21.08.2017 ൽ മറുപടിയ്ക്ക്**

## നാണ്യവിള ബോർഡുകൾ നിറുത്തലാക്കുവാനുള്ള കേന്ദ്രസർക്കാർ തീരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) നാണ്യവിള ബോർഡുകൾ നിറുത്തലാക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത തീരുമാനം നടപ്പായാൽ സംസ്ഥാനത്തെ നാണ്യവിള കർഷകരെ അത് ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) യും (ബി) യും ഉണ്ട്. നാണ്യവിളകളുടെ ഉൽപ്പാദനവും അതിൽ നിന്നുള്ള വരുമാനവും കേരളത്തിന്റെ സമ്പദ് വ്യസ്ഥയിൽ നിർണായകമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കമ്മോഡിറ്റി ബോർഡുകളാണ് നിർവ്വഹിക്കുന്നത്. ഇതിന്റെ പ്രവർത്തനം നിലയ്ക്കുന്നതും മന്ദീഭവിക്കുന്നതും കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കും. ഇക്കാര്യങ്ങൾ സർക്കാർ ഗൗരവമായി കാണുന്നുണ്ട്. നിരവധി തവണ ഈ വസ്തുതകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. കേരളത്തിൽ നിന്ന് റബ്ബർ ബോർഡിന്റെ ആസ്ഥാനം അന്യ സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റാനുള്ള നീക്കത്തേയും, പിൻവലിച്ച റീജിയണൽ ഓഫീസുകൾ പുനസ്ഥാപിക്കണമെന്നും, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം നിശ്ചയിച്ച സംഭരണ വിലയായ കിലോയ്ക്ക് 150 രൂപ, ആഗോള മാർക്കറ്റിലെ മാന്ദ്യവും, ഉൽപ്പാദന ചെലവിലെ വർദ്ധനവും കണക്കിലെടുത്ത് |

200/-രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള നിയമ സഭ 24/5/2017-ൽ ഐക്യകണ്ഠേന പാസ്സാക്കിയ പ്രമേയം കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**